**01.02.2024**

# KGBEU OU ബുള്ളറ്റിൻ 20/2024

സഖാക്കളെ,

## വിഷയം: ജോയിന്റ് കോൺഫറൻസ് ഉടൻ പൂർത്തീകരിക്കുക

ഒരു സ്ഥാപനത്തിലെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെട്ട നിലയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിൽ അംഗീകൃത സംഘടനകളുമായി നടത്തുന്ന ആശയ വിനിമയങ്ങൾ നിർണായക പങ്കാണ് വഹിക്കുന്നത്. അതിനുള്ള ഔദ്യോഗിക വേദിയാണ് ജോയിന്റ് കോൺഫറൻസ്. എന്നാൽ ജോയിന്റ് കോൺഫറൻസ് നടത്തുന്നതിൽ വലിയ അലംഭാവമാണ് KGB മാനേജ്മെന്റ് കാണിച്ചു കൊണ്ടിരിക്കുന്നത്. അത് അനന്തമായി നീട്ടിക്കൊണ്ട് പോകുന്ന മാനേജ്മെന്റ് നിലപാടിനെതിരെയും HR വിംഗിന്റെ തെറ്റായ നയത്തിനെതിരെയും ചെയർമാന് കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**02.02.2024**

## KGBEU OU ബുള്ളറ്റിൻ 21/2024

സഖാക്കളെ,

### വിഷയം: CBS related issue

ഇന്ന് ഉച്ചയ്ക്ക് 2 മണി മുതൽ 2:30 വരെ CRM മൊഡ്യൂൾ കിട്ടില്ല എന്നും CBS റീസ്റ്റാർട്ട് ചെയ്താൽ താൽക്കാലികമായി കുറച്ചു നേരത്തേക്ക് തടസ്സം നേരിട്ടേക്കാം എന്നും മെസ്സജേ് വന്നതായി സംഘടനയുടെ ശ്രദ്ധയിൽപ്പെട്ടു. ഈ വിഷയം IT ജനറൽ മാനേജരുമായി സംസാരിച്ചു. ഒരു കാരണവശാലും ഈ സമയം ഇങ്ങനെ ചെയ്യരുത് എന്ന് സംഘടന  ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ CBS ൽ തടസ്സമുാക്കുന്ന ഒന്നും ഇപ്പോൾ ചെയ്യില്ല എന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

02.02.2024

# KGBEU OU ബുള്ളറ്റിൻ 22/2024

സഖാക്കളെ,

## വിഷയം: പ്രക്ഷോഭം അടുത്ത ഘട്ടത്തിലേക്ക്

ജീവനക്കാരെയും ബാങ്കിനെയും ബാധിക്കുന്ന വിവിധ ആവശ്യങ്ങൾ ഉയർത്തി നാം പ്രക്ഷോഭത്തിലാണ്. അതിന്റെ ഭാഗമായി ഹെഡ് ഓഫീസിനു മുന്നിൽ മഹാധർണ്ണയും അതിന് ശേഷം ഏകദിന പണിമുടക്കും നാം നടത്തി. പ്രക്ഷോഭത്തിന്റെ അടുത്ത ഘട്ടം എന്ന നിലയിൽ '60 മണിക്കൂർ രാപ്പകൽ സമരം' നടത്താൻ സംഘടന തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി 21 ന് ആരംഭിച്ച് ഫെബ്രുവരി 23 ന് ഒരു ദിവസത്തെ പണിമുടക്കോടു കൂടി അവസാനിപ്പിക്കുന്ന തരത്തിലാണ് അടുത്ത action സംഘടന തീരുമാനിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട സമര നോട്ടീസ് മാനേജ്മെന്റിന് കൈമാറി. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**02.02.2024**

# KGBEU OU ബുള്ളറ്റിൻ 23/2024

സഖാക്കളെ,

## വിഷയം: Infrastructure for staff members

പുതിയ ജീവനക്കാർ ബ്രാഞ്ചുകളിൽ ജോയിൻ ചെയ്യുമ്പോൾ അവർക്ക് ഉപയോഗിക്കുന്നതിനായി പര്യാപ്തമായ അളവിൽ Computer system, chair എന്നിവ സ്റ്റോക്ക് ഇല്ല എന്ന വിഷയം സംഘടനയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവനക്കാർക്ക് ഉപയോഗിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉടൻ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ചെയർമാന് കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**03.02.2024**

## KGBEU OU ബുള്ളറ്റിൻ 24/2024

**സഖാക്കളെ,**

### വിഷയം: വിവിധ വിഷയങ്ങളിൽ ഉടൻ ചർച്ച നടത്തണം

**പുതുതായി ജോയിൻ ചെയ്യുന്ന OAST പോസ്റ്റിംഗ്, ജനറൽ ട്രാൻസ്ഫർ, സ്റ്റാഫ് ഹെൽത്ത് ഇൻഷുറൻസ് പോളിസി എന്നിവ സംബന്ധിച്ച് എത്രയും പെട്ടെന്ന് അംഗീകൃത സംഘടനകളുമായി ചർച്ച നടത്തണം എന്നാവശ്യപ്പെട്ട് മാനേജ്മെന്റിന് കത്ത് നൽകി.**

**ജനറൽ സെക്രട്ടറി**
KGB **എംപ്ലോയീസ് യൂണിയൻ**
KGB **ഓഫീസേഴ്സ് യൂണിയൻ**
(AIRRBEA/BEFI)

**07.02.2024**

## KGBEU OU ബുള്ളറ്റിൻ 25/2024

സഖാക്കളെ,

**വിഷയം: മൈഗ്രേഷൻ issue HO യ്ക്ക് മുന്നിൽ ഉജ്ജ്വല പ്രതിഷേധം**

### ഹെഡ് ഓഫീസിനു മുന്നിൽ ഉജ്ജ്വല പ്രതിഷേധം:

മൈഗ്രേഷനെ തുടർന്ന് നിരന്തരമായുാകുന്ന കണക്ടിവിറ്റി പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് KGBEU OU സംഘടനകളുടെ ആഭിമുഖ്യത്തിൽ ഹെഡ് ഓഫീസിനു മുന്നിൽ ഉജ്ജ്വലമായ പ്രതിഷേധ പ്രകടനം നടത്തി. മൈഗ്രേഷൻ പൂർത്തീകരിച്ച് ഒരു മാസം പൂർത്തിയാകുമ്പോഴും നിരവധിയായ പ്രശ്നങ്ങൾ പരി ഹരിക്കപ്പെടാതെ കിടക്കുകയാണ്. എല്ലാ ദിവസവും വിവിധ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. മിക്ക പ്രശ്നങ്ങളുടെയും കാരണം എന്താണെന്ന് തിരിച്ചറിയാൻ സാധിക്കുന്ന പോലുമില്ല എന്നതാണ് മുഖ്യ വിഷയം. ഇടപാടുകാരുടെ ചോദ്യങ്ങൾക്കുമുന്നിൽ തലകുനിച്ചു നിൽക്കേണ്ടി വരുന്ന സാഹചര്യമാണ് ബ്രാഞ്ചുകളിൽ ഉണ്ടാകുന്നത്. ഇടയ്ക്കിടെ log out ആകുക, NEFT/RTGS കൃത്യമായി വർക്ക് ചെയ്യാതിരിക്കുക, ATM പ്രശ്നങ്ങൾ, QR code issues അങ്ങനെ വിവിധ പ്രശ്നങ്ങളാണ് ജീവനക്കാർ അഭിമുഖീകരിക്കുന്നത്. ബാലൻസ് പറഞ്ഞു കൊടുക്കാൻ പോലും കണക്ഷൻ കിട്ടാത്ത തരത്തിൽ പ്രയാ സമനുഭവിക്കുന്ന സാഹചര്യങ്ങളും നിരവധി ഉാകുന്നുണ്ട്. ഈ വക പ്രശ്നങ്ങളൊക്കെ പരി ഹരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് ശക്തമായ പ്രതിഷേധം ഹെഡ് ഓഫീസിനു മുന്നിൽ നടത്തിയത്. തുടർന്ന് IT വിംഗ് ജനറൽ മാനേജരുമായി മുകളിൽപ്പറഞ്ഞ വിഷയങ്ങളിന്മേൽ ദീർഘമായി ചർച്ച നടത്തി. ഏതുവിധേനയും പ്രശ്നങ്ങൾ പരി ഹരിച്ചില്ലെങ്കിൽ ബിസിനസ്സിൽ വലിയ ഇടിവ് ഉണ്ടാകുമെന്ന് നാം പറഞ്ഞു. ഈ വകപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി അംഗീകൃത സംഘടനയുമായി ഉടൻ യോഗം ചേരണമെന്നും അതിൽ വിപ്രോ ഉൾപ്പെടെയുള്ള മുഴുവൻ സംവിധാനങ്ങളുടെയും പ്രതിനിധികളെ പങ്കെടുപ്പിക്കണമെന്നും നാം നിലപാടെടുത്തു. ജീവനക്കാരുടെ ഉത്തരവാദപ്പെട്ട സംഘടന എന്ന നിലയിൽ അവരുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി

നൽകാൻ നമ്മുടെ സംഘടനയ്ക്ക് ബാധ്യതയുണ്ട്. അതിനാൽ ബുധനാഴ്ച വരെ മാനേജ്മെന്റ് വിളിച്ചു ചേർക്കുന്ന യോഗത്തിനായി സംഘടന കാത്തിരിക്കുമെന്നും അല്ലാത്തപക്ഷം ശക്തമായ രീതിയിൽ സംഘടനയ്ക്ക് മുന്നോട്ട് പോകേണ്ടി വരുമെന്നും നാം സൂചന നൽകി. സംഘടന ഉയർത്തിയ ആവശ്യങ്ങൾ അതേപടി ചെയർമാനെ ധരിപ്പിക്കുമെന്നും ആവശ്യമായ നടപടികൾ ഉടൻ കൈക്കൊള്ളുമെന്നും GM സംഘടനയെ അറിയിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**08.02.2024**

# KGBEU OU ബുള്ളറ്റിൻ 26/2024

**സഖാക്കളെ,**

## വിഷയം: മൈഗ്രേഷൻ issue സംഘടനയുമായി ചർച്ച

**മൈഗ്രേഷൻ വിഷയവുമായി ബന്ധപ്പെട്ട് ഇന്നും സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയുായി. HO യ്ക്ക് മുന്നിൽ നിന്നും ആരംഭിച്ച പ്രകടനം HR GM ന്റെ ക്യാബിനു മുന്നിൽ എത്തിച്ചേർന്നു. മുഴുവൻ സഖാക്കളും GM ന്റെ ക്യാബിനിൽ കയറുകയും കൃത്യമായ പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. SPD, FM എന്നീ വിംഗുകളുടെ ചുമതലയുള്ള ജനറൽ മാനേജർമാരും ക്യാബിനിൽ എത്തിച്ചേർന്നു. വിഷയം പൂർണ്ണമായി ചർച്ച ചെയ്തു. പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇനിയും വൈകുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. അതിനാൽ ഇപ്പോഴത്തെ സ്ഥിതി എന്ത് എന്നും ഇനി ചെയ്യാൻ പോകുന്നത് എന്ത് എന്നും സംബന്ധിച്ച് ഇന്ന് തന്നെ സംഘടനയുമായി ചർച്ച നടത്തിയേ തീരൂ എന്ന നിലപാട് സംഘടന കൈക്കൊണ്ടു. അതിന്റെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് ശേഷം വീഡിയോ കോൺഫറൻസ് വഴി യോഗം ചേരാമെന്നും അതിൽ സംഘടനാ പ്രതിനിധികളും ജനറൽ മാനേജർമാരും PMO, IT AGM മാരും മൈഗ്രേഷൻ ടീമിലുള്ളവരും വിപ്രോയിലെ technical experts ഉൾപ്പെടെയുള്ളവരും പങ്കെടുക്കുമെന്ന് ഉറപ്പ് നൽകി. ഈ ധാരണയുടെ അടിസ്ഥാനത്തിൽ പ്രതിഷേധം താൽക്കാലികമായി അവസാനിപ്പിച്ചു. ബാക്കി കാര്യങ്ങൾ ഉച്ച കഴിഞ്ഞ് തീരുമാനിക്കും.**

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

08.02.2024

## KGBEU OU ബുള്ളറ്റിൻ 27/2024

സഖാക്കളെ,

## വിഷയം: HO യിൽ പ്രതിഷേധം തുടരുന്നു

മൈഗ്രേഷൻ വിഷയത്തിൽ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ചേരാം എന്ന് ധാരണയാക്കിയ മീറ്റിംഗ് വിളിച്ചു ചേർക്കാൻ മാനേജ്മെൻറ് തയ്യാറായില്ല. ജീവനക്കാരും ഇടപാടുകാരും വലിയ പ്രയാസത്തിൽ നിൽക്കുമ്പോൾ അവരുടെ ചോദ്യങ്ങൾക്ക് കൃത്യ മായ മറുപടി പറയാതെയിരിക്കാൻ ഉത്തരവാദപ്പെട്ട സംഘടന എന്ന നിലയിൽ നമുക്കാവില്ല. അതിനുത്തരവാദികളായ മാനേജ്മെന്റ് പരിഹാരം ഉണ്ടാക്കിയേ മതിയാവൂ. ബിസിനസ്സിനെ ഉൾപ്പെടെ ദോഷകരമായി ബാധിക്കാൻ തുടങ്ങിയ സന്ദർഭത്തിൽ ഇനിയെങ്കിലും കണ്ണ് തുറക്കാൻ മാനേജ്മെന്റ് തയ്യാറാകണം. താൽക്കാലിക പരിഹാരമല്ല ശാശ്വതമായ പരിഹാരമാണ് ബാങ്കിനും ജീവനക്കാർക്കും ഇടപാടുകാർക്കും വേണ്ടത് എന്നതിനാൽ അനുകൂലമായ തീരുമാനം എടുക്കുന്നത് വരെ നാം HO യിൽ പ്രതി ഷേധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കൂടുതൽ ജീവനക്കാർ ഹെഡ് ഓഫീസിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**08.02.2024**

# KGBEU OU ബുള്ളറ്റിൻ 28/2024

**സഖാക്കളെ,**

## വിഷയം: protest updation

**മൈഗ്രേഷൻ വിഷയത്തിൽ പ്രോജക്റ്റ് ഡയറക്ടർ (ബാംഗ്ലൂർ) പങ്കെടുത്ത ഒരു മീറ്റിംഗ് ഇപ്പോൾ നടന്നു. നാം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു. നാം ഉദ്ദേശിച്ച രീതിയിലുള്ള മറുപടി മീറ്റിംഗിൽ പങ്കെടുത്തവരിൽ നിന്നും കിട്ടിയില്ല. ഇഷ്യൂ ഇത് കൊണ്ട് തീരില്ല എന്നും വിപ്രോയുടെ technical team പങ്കെടുക്കുന്ന തരത്തിൽ വേണമെന്നും സംഘടന ആവശ്യപ്പെട്ടു. പങ്കെടുക്കേവണ്ടർ രാത്രി ആണ് ഷിഫ്റ്റ് ഡ്യൂട്ടിക്ക് വരിക എന്ന് PD അറിയിച്ചപ്പോൾ എത്ര വൈകിയാലും സംഘടന തയ്യാറാണെന്ന് പറഞ്ഞു. മറുപടി പറയാൻ പര്യാപ്തമായ വിപ്രോയുടെ സീനിയർ ആളുകൾ ആ മീറ്റിംഗിൽ ഉണ്ടാവണം എന്നും നാം ആവശ്യപ്പെട്ടു. അതിൻെറ അടിസ്ഥാനത്തിൽ ഇന്ന് രാത്രി 10: 30 ന് യോഗം ചേരാൻ തീരുമാനിച്ചു. നമ്മുടെ സഖാക്കളും ജനറൽ മാനേജർമാരും ഇപ്പോഴും ഹെഡ് ഓഫീസിൽ തുടരുകയാണ്.**

**ജനറൽ സെക്രട്ടറി**
KGB **എംപ്ലോയീസ് യൂണിയൻ**
KGB **ഓഫീസേഴ്സ് യൂണിയൻ**
(AIRRBEA/BEFI)

08.02.2024

## KGBEU OU ബുള്ളറ്റിൻ 29/2024

സഖാക്കളെ,

### വിഷയം: ചർച്ച പൂർത്തിയായി

മൈഗ്രേഷൻ വിഷയത്തിൽ രാത്രിയും തുടർന്ന ചർച്ച പൂർത്തീകരിച്ചു. വിപ്രോ പ്രോജക്ട് ഹെഡ് ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ മുഴുവൻ ജനറൽ മാനേജർമാരും പങ്കെടുത്തു. ഇന്ന് വൈകിട്ട് മുതൽ നാം നടത്തിയ തുടർ പ്രക്ഷോഭത്തിന്റെ ഭാഗമായി പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാനുള്ള ശ്രമത്തിലാണ് മാനേജ്മെന്റ്. നാളെ മുതൽ log in പ്രശ്നം ഉണ്ടാവാത്ത വിധത്തിൽ കാര്യങ്ങൾ ശരിയാക്കും എന്ന ഉറപ്പ് വിപ്രോ പ്രതിനിധിയായ പ്രോജക്ട് ഹെഡ് നമുക്ക് നൽകി. നാം ഉയർത്തിയ വിഷയങ്ങൾ ഏറ്റവും അടുത്ത ദിവസം തന്നെ പൂർണ്ണമായി പരിഹരിക്കും എന്നും അദ്ദേഹം ഉറപ്പു നൽകി. ഈ മീറ്റിംഗിന്റെ തുടർച്ചയായി തിങ്കളാഴ്ച വൈകിട്ട് follow up നടത്തുന്നതിനായും പരി ഹരിക്കാതെ കിടക്കുന്ന  പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതും ചർച്ച ചെയ്യാമെന്ന് മാനേജ്മെന്റും വിപ്രോയും സമ്മതിച്ചു.

പ്രോജക്ട് ഡയറക്ടർ, IT AGM, PMO AGM എന്നിവരും സംഘടനയെ പ്രതിനിധീക രിച്ച് KGBEU ജനറൽ സെക്രട്ടറി ബിഗേഷ് ഉണ്ണിയൻ, KGBOU ജനറൽ സെക്രട്ടറി രാജേഷ് പി, കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ സി മിഥുൻ, മനോജ് ജി, നിതിൻ മോഹനൻ എന്നിവരും പങ്കെടുത്തു.

നമ്മുടെ അതിശക്തമായ പോരാട്ടമാണ് ഇത്തരം പ്രശ്നങ്ങൾ മറികടക്കുന്നതിന് ഒരേ യൊരു പരിഹാരം. ആ പോരാട്ടത്തിനായി എല്ലാവരും ഒരുമിച്ച് നമ്മുടെ കൂടെയുാകണം എന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**02.01.2024**

# KGBEU OU ബുള്ളറ്റിൻ 1/2024

സഖാക്കളെ,

## വിഷയം: Finacle ട്രെയിനിംഗ്

Finacle മൈഗ്രേഷനുമായി ബന്ധപ്പെട്ട ട്രെയിനിംഗ് ലഭിക്കാത്ത നിരവധി ജീവനക്കാർ ഇനിയും ബാക്കി ഉണ്ട്. ഈ വിഷയം നേരത്തെ നാം മാനേജ്മെന്റിനെ അറിയിച്ചിരുന്നു. ഇന്ന് വീണ്ടും സംസാരിച്ചു. ഇത് വരെ ട്രെയിനിംഗ് ലഭിക്കാത്തവർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ ഉടൻ ഇടപെടൽ നടത്തണമെന്ന് നാം ആവശ്യപ്പെട്ടു. ട്രെയിനിംഗ് ലഭ്യമാക്കാനുള്ള ഏർപ്പാട് ചെയ്യുമെന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**02.01.2024**

# KGBEU OU ബുള്ളറ്റിൻ 2/2024

സഖാക്കളെ,

## വിഷയം: Finacle migration communication & posters

Finacle മൈഗ്രേഷൻ നടക്കുന്നതുമായി ബന്ധപ്പെട്ട് ഔദ്യോഗികമായി ഇറക്കിയതല്ലാത്ത പോസ്റ്ററുകൾ ആരും ഷെയർ ചെയ്യുകയോ സ്റ്റാറ്റസ് ആക്കുകയോ ചെയ്യരുത്. ജീവനക്കാരുടെ അറിവിലേക്കായി ബാങ്ക് ഇറക്കിയ സർക്കുലറുകൾ ജീവനക്കാരുടെ അറിവിലേക്കായി മാത്രമുള്ളതാണ്. ഇടപാടുകാരിൽ അവമതിപ്പ് ഉണ്ടാവാൻ കാരണമായ പോസ്റ്ററുകൾ ബാങ്കിന്റെ ബിസിനസ്സിനെ നെഗറ്റീവായി ബാധിക്കാൻ സാധ്യതയുണ്ട്. മൈഗ്രേഷൻ നല്ല നിലയിൽ നടക്കാനുള്ള ഇടപെടൽ സംഘടനയും നടത്തി വരുന്നുണ്ട്. അതിന്റെ ഭാഗമായി ഇടപാടുകാരെ അറിയിക്കാനുള്ള സംവിധാനം ഉൾപ്പെടെയുള്ള എല്ലാ മുന്നൊരുക്കങ്ങളും നടത്താൻ നാം നേരത്തെ തന്നെ ആവശ്യപ്പെടുകയും മാനേജ്മെന്റ് അത് ഉറപ്പു തന്നതുമാണ്. നാളെ മൈഗ്രേഷനുമായി ബന്ധപ്പെട്ട് സംഘടനയുമായി ചർച്ച നടത്താൻ ചെയർമാൻ നിർദേശം നൽകിയിട്ടുമുണ്ട്. ജീവനക്കാർക്ക് നിർദേശങ്ങൾ എന്തെങ്കിലും മുന്നോട്ട് വെക്കാനുണ്ടെങ്കിൽ അത് സംഘടനയെ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. എന്താവശ്യം വന്നാലും സംഘടനയെ ബന്ധപ്പെടാവുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**03.01.2024**

# KGBEU OU ബുള്ളറ്റിൻ 3/2024

സഖാക്കളെ,

## വിഷയം: Finacle migration സംഘടനയുമായി ചർച്ച നടന്നു

ഫിനാക്കിൾ മൈഗ്രേഷനുമായി ബന്ധപ്പെട്ട് മാനേജ്മെന്റും അംഗീകൃത സംഘടനാ പ്രതിനിധികളുമായുള്ള ചർച്ച ഇന്ന് നടന്നു. മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് മുഴുവൻ ജനറൽ മാനേജർമാരും IT വിംഗ് ഹെഡും ഉണ്ടായിരുന്നു.

മൈഗ്രേഷനുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങളും ഭാവികാര്യങ്ങളും സംബന്ധിച്ച് IT വിംഗ് ഹെഡ് വിശദീകരിച്ചു. മൈഗ്രേഷൻ പ്രവർത്തനം ആരംഭിച്ചത് മുതൽ ജീവനക്കാർ ഉയർത്തുന്ന ഓരോ വിഷയങ്ങളും നാം ബന്ധപ്പെട്ടവരുമായി സംസാരിക്കുകയും ചർച്ച ചെയ്തു വരികയുമായിരുന്നു. മൈഗ്രേഷനുമായി ബന്ധപ്പെട്ട് നടത്തേണ്ട എല്ലാ മുൻകരുതലുകളും മാനേജ്മെന്റ് ഭാഗത്ത് നിന്നും നടത്തുന്നുണ്ട് എന്ന് അവർ അറിയിച്ചു. ജീവനക്കാർക്കോ ഇടപാടുകാർക്കോ ബുദ്ധിമുട്ടാകാത്ത രീതിയിൽ അതിന്റെ പ്രവർത്തനം നടന്നുവരികയാണെന്നാണ് നമ്മെ അറിയിച്ചത്. ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന വിവിധ വിഷയങ്ങൾ നാം പ്രസ്തുത യോഗത്തിൽ ഉയർത്തുകയും പരിഹാരം നിർദേശിക്കുകയും ചെയ്തു.

ഇടപാടുകാരെ അറിയിക്കുന്നതിനായി SMS, പത്രപ്പരസ്യം, വാട്സ് ആപ്പ് മെസ്സജ്ജുകൾ എന്നിവ ഉടൻ ഇറക്കുമെന്നും ശാഖകളിൽ ആവശ്യമായ പോസ്റ്റർ ഡിസൈൻ ചെയ്ത് എത്രയും പെട്ടെന്ന് അയച്ചു നൽകുമെന്നും നമുക്ക് ഉറപ്പു കിട്ടിയിട്ടുണ്ട്.

മൈഗ്രേഷൻ സംബന്ധിച്ച് നാം ഉദ്ദേശിച്ച രീതിയിൽ തന്നെയാണ് മുന്നോട്ട് പോകുന്നതെന്ന് ജീവനക്കാരെ അറിയിക്കുകയും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യണമെന്ന് നാം ആവശ്യപ്പെട്ടു. അതിനായി ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ച് ജീവനക്കാർക്ക് നിലവിലുള്ള സ്ഥിതി എന്താണെന്നും മൈഗ്രേഷൻ ചെയ്യുന്നതിന്റെ ഘട്ടങ്ങളും സംബന്ധിച്ച് അറിയിപ്പ് കൊടുക്കണമെന്നും നാം നിർദേശിച്ചു. ആ നിർദേശം മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതിപ്രകാരം ജനുവരി 12 ന് ഉച്ച കഴിയുന്നതോടു കൂടി ശാഖകളിലെ പ്രവർത്തനം അവസാനിപ്പിച്ചാൽ തൊട്ടടുത്ത

പ്രവൃത്തി ദിവസം തന്നെ മൈഗ്രേഷൻ പൂർത്തിയായി Server പൂർണ്ണമായും Up ആവും എന്നാണ് IT വിംഗിന്റെ കണക്കുകൂട്ടൽ.

NEFT, RTGS, CTS clearing, ATM, UPI, POS തുടങ്ങിയ എല്ലാ കാര്യങ്ങളും നാം ചർച്ചയിൽ ഉയർത്തി. ഇതര ബാങ്കുകളിൽ മൈഗ്രേഷൻ നടന്നപ്പോൾ ഉണ്ടായ അനുഭവങ്ങളെല്ലാം മുൻനിർത്തി നല്ല മുന്നൊരുക്കത്തോട് കൂടിയാണ് നാം മുന്നോട്ട് പോകുന്നത് എന്നാണ് മീറ്റിംഗിൽ നിന്നും മനസ്സിലായത്. കനറാ ബാങ്കിന്റെ മൈഗ്രേഷൻ experts ടീം 21 ദിവസത്തേക്ക് നമ്മുടെ സേവനത്തിനായി ലഭ്യമായിട്ടുണ്ട് എന്നത് നമുക്ക് ഗുണകരമായ കാര്യമാണ്. Oracle, Infosys, Wipro എന്നിവരുൾപ്പെടെ മികച്ച ആത്മവിശ്വാസത്തിലാണ് പോകുന്നത്.

വിപ്രോയുടെ Finacle experts ആയവരെ ഹെൽപ്പ് ഡെസ്കിലേക്ക് സ്പെഷ്യൽ ആയി കൊണ്ടു വരണം എന്ന് നാം ആവശ്യപ്പെട്ടു. അതിനായുള്ള ശ്രമം നടത്തുമെന്ന് നമുക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. റീജിയണൽ ഓഫീസുകളിൽ ട്രെയിനേഴ്സ് ആയ രണ്ട് പേരെ വീതം നിയോഗിക്കും. അതിനു പുറമെ ഹാർഡ് വെയർ സപ്പോർട്ടിനായും ആളെ നിയോഗിക്കും.

നിലവിലുള്ള മൈഗ്രേഷൻ ടീമിനെ കുറച്ചു കാലത്തേക്ക് നില നിർത്തണം എന്ന ആവശ്യവും നാം ഉന്നയിച്ചിട്ടുണ്ട്. അതും പരിഗണിക്കും എന്നാണ് നമ്മെ അറിയിച്ചത്.

Finacle 7 ൽ നാം ഉപയോഗിച്ചു കൊണ്ടിരിക്കുന്ന മുഴുവൻ സൗകര്യങ്ങളും പുതിയ വേർഷനിലും വേണമെന്ന് നാം ആദ്യം മുതലേ ആവശ്യപ്പെട്ടിരുന്നു. അത് ഉറപ്പു വരുത്തിയിട്ടുണ്ട്.

ട്രെയിനിംഗ് നൽകുമ്പോൾ EOD സംബന്ധിച്ച വിഷയം ഇല്ലാത്തതും നാം ശ്രദ്ധയിൽപ്പെടുത്തി.

Empower ഉപയോഗപ്പെടുത്തി Finacle 10 related ആയ കൂടുതൽ കാര്യങ്ങൾ upload ചെയ്യാനും നാം നിർദേശിച്ചു.

പരമാവധി സമയം ATM/UPI ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ലഭ്യമാക്കാനും അതു വഴി കൂടുതൽ സൗകര്യപ്രദമായി Finacle 10 implement ചെയ്യാമെന്നും നാം ഉന്ന

യിച്ചിട്ടുണ്ട്. അതും പരിഗണിച്ചു വരികയാണ്.

KCC ഉൾപ്പെടെയുള്ള ലോണുകൾ പുതുക്കുന്നതും അതിന്റെ സബ്സിഡിയും ഉൾപ്പെടുന്ന വിഷയങ്ങൾ ഉയർത്തി ജീവനക്കാർക്ക് ബാധ്യത വന്നേക്കാം എന്ന തുൾപ്പെടെയുള്ള ചിന്തകൾക്ക് വിരാമമിടാം. തന്റേതല്ലാത്ത കാരണത്താൽ ഒരാൾക്കും അക്കൗണ്ടബിലിറ്റി വരില്ല.

നമ്മുടെ പുതിയ വേർഷനിലേക്കുള്ള മൈഗ്രേഷനുമായി ബന്ധപ്പെട്ട് നിരവധി ജീവനക്കാർ രാവെന്നോ പകലെന്നോ ഇല്ലാതെ പ്രവർത്തിക്കുകയാണ്. അവർക്ക് വേണ്ട എല്ലാ പിന്തുണയും നമ്മുടെ ഭാഗത്തു നിന്നുണ്ടാവും എന്ന് നാം ഉറപ്പു വരുത്തണം. ചെറിയ പിഴവുകളും പ്രയാസങ്ങളും നമുക്ക് ഉണ്ടായേക്കാം. അത് പർവതീകരിച്ചു കാണിക്കാതെ അവരെ വിശ്വാസത്തിലെടുത്ത് കൂടുതൽ മികച്ച അത്യാധുനിക സംവിധാനത്തിലേക്ക് നമുക്ക് മുന്നേറാം. ഏത് സമയത്തും എന്താവശ്യത്തിനും സംഘടനയെ ബന്ധപ്പെടാം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**09.01.2024**

# KGBEU OU ബുള്ളറ്റിൻ 4/2024

സഖാക്കളെ,

## വിഷയം: 29 OATD മാരുടെ നിയമനം ഹൈക്കോടതി ശരി വച്ചു

29 OATD മാരുടെ വിഷയം നാം വളരെക്കാലങ്ങളായി ഉയർത്തുന്നതാണ്. 2012 ൽ ജോയിൻ ചെയ്ത ജീവനക്കാർക്ക് 12 വർഷം പൂർത്തിയാകുമ്പോഴും നാളിതു വരെയായി annual increment, PL, സിക്ക് ലീവ്, മറ്റലവൻസുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഒന്നും തന്നെ കൊടുക്കാതിരിക്കുകയും Confirmation പോലും നിഷേധിക്കുകയുമായിരുന്നു. പലരും പ്രമോഷന് അർഹതയുള്ളവരുമാണ്. നമ്മുടെ സമരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്ന് 29 OATD മാർക്ക് നീതി ലഭ്യമാക്കുക എന്നതാണ്. 22.12.2022 ൽ ജീവനക്കാർക്ക് അനുകൂലമായി ഹൈക്കോടതി വിധി വന്നെങ്കിലും ആ വിധിക്കെതിരെ മാനേജ്മെന്റ് അപ്പീൽ പോകുകയായിരുന്നു.

ഇന്നലെ ഹൈക്കോടതിയിൽ നിന്നും മാനേജ്മെന്റ് അപ്പീൽ തള്ളിക്കൊണ്ട് ജീവനക്കാർക്ക് അനുകൂലമായി വിധി വന്നിട്ടുണ്ട്. ആ വിധി ഉടൻ നടപ്പിലാക്കണം എന്ന് നാം മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും ചെയർമാന് കത്ത് നൽകുകയും ചെയ്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

09.01.2024

# KGBEU OU ബുള്ളറ്റിൻ 5/2024

സഖാക്കളെ,

## വിഷയം: ഉദ്യോഗാർത്ഥികളെ ബാധിക്കുന്ന വിഷയങ്ങളിൽ ചെയർമാന് കത്ത് നൽകി

നമ്മുടെ ബാങ്കിൽ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരികയാണ്. ഉദ്യോഗാർത്ഥികളെ പ്രയാസപ്പെടുത്തുന്ന ചില നിബന്ധനകൾ അവരുടെ നിയമനവുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. CIBIL സ്കോർ മാനദണ്ഡം, ബോണ്ട് തുകയുടെ വർദ്ധനവ് എന്നിവ അൽപ്പം ആശങ്ക ഉളവാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മാനേജ്മെന്റിനോട് നേരത്തെ തന്നെ സംസാരിക്കുകയും ചെയർമാന് കത്ത് നൽകുകയും ചെയ്തിരുന്നു. ഇന്ന് ഇതുമായി ബന്ധപ്പെട്ട് വീണ്ടും സംസാരിക്കുകയും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. വിഷയം follow up ചെയ്തു വരികയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

12.01.2024

# KGBEU OU ബുള്ളറ്റിൻ 6/2024

സഖാക്കളെ,

## വിഷയം: Finacle migration ഇന്നത്തെ ഇടപാട് സമയം

Finacle മൈഗ്രേഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് 12 മണിക്ക് Day close ചെയ്യണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബാങ്ക് സർക്കുലർ ഇറക്കിയിട്ടുണ്ട്. 11 മണിയോടുകൂടി ഇടപാടുകൾ അവസാനിപ്പിക്കുന്ന തരത്തിൽ ക്രമീകരിച്ചാൽ ആണ് 12 മണിക്ക് ഡേ ക്ലോസ് ചെയ്യാൻ കഴിയുക. എന്നാൽ 2 മണിവരെ ഇടപാടുകൾ ലഭിക്കും എന്നാണ് പത്രത്തിൽ കൊടുത്തിട്ടുള്ളത്. ഇത് ജീവനക്കാരിൽ വലിയ ആശങ്ക ഉളവാക്കുന്നുണ്ട്. ഈ വിഷയം നാം മാനേജ്മെന്റുമായി സംസാരിച്ചു. ബാങ്ക് ഇറക്കിയ സർക്കുലറും പത്രപ്പരസ്യവും തമ്മിലുള്ള വൈരുദ്ധ്യം ഇടപാടുകാരും ജീവനക്കാരും തമ്മിൽ അസ്വാരസ്യം ഉണ്ടാകാൻ ഇടയാക്കും എന്നതിനാൽ 1 മണി വരെയെങ്കിലും ഇടപാടുകൾ നടത്തേി വരും എന്ന് നാം ബോധ്യപ്പെടുത്തി. ഒരുകാരണവശാലും 2 മണിക്കപ്പുറത്തേക്ക് Day close നീളില്ല എന്ന ഉറപ്പ് മാത്രമേ ജീവനക്കാർക്ക് നൽകാൻ കഴിയുള്ളൂ എന്നും നാം മാനേജ്മെന്റിനോട് പറഞ്ഞു.

ജീവനക്കാരുടെ പൂർണ്ണ പിന്തുണ മൈഗ്രേഷൻ പൂർത്തീകരണത്തിന് ഉണ്ടാവുമെന്ന് നാം ഉറപ്പും നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**14.01.2024**

# <u>KGBEU OU ബുള്ളറ്റിൻ 7/2024</u>

സഖാക്കളെ,

## വിഷയം: Finacle migration

Finacle മൈഗ്രേഷൻ ജോലികൾ നാം ഉദ്ദേശിക്കുന്ന രീതിയിൽത്തന്നെ പുരോഗമിക്കുകയാണ്. സംഘടനയുടെ ട്രെയിനിംഗ് സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്നലെ Finacle മൈഗ്രേഷൻ വിഷയങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ടിയും സംശയ നിവാരണത്തിനായും ഒരു സെഷൻ ZOOM പ്ലാറ്റ്ഫോം വഴി സംഘടിപ്പിച്ചു. Short നോട്ടീസിൽ ആണ് ഇതിന്റെ അറിയിപ്പ് കൊടുത്തത് എങ്കിൽപ്പോലും 500 പേരെ ഉൾക്കൊള്ളാൻ പറ്റുന്ന ZOOM പ്ലാറ്റ്ഫോം ഏതാനും നിമിഷങ്ങൾക്കുള്ളിൽ fill ചെയ്യപ്പെടുകയും നിരവധി ജീവനക്കാർക്ക് സെഷനിൽ കയറാൻ സാധിക്കാതെ വരികയും ഉണ്ടായി. ശ്രമിച്ചിട്ടും കയറാൻ സാധിക്കാത്ത ഓരോരുത്തരോടും ക്ഷമ ചോദിക്കുന്നു. Soft ware migration പൂർത്തീകരിച്ച് പ്രവർത്തനം സാധാരണ നിലയിൽ ആകുന്നത് വരെ ഇത്തരത്തിലുള്ള സെഷനുകൾ സംഘടന തുടർന്നും നടത്തും. ഓരോ നിമിഷത്തിലും Finacle migration പ്രവർത്തനങ്ങൾ സംഘടന വിലയിരുത്തുകയും മാനേജ്മെന്റുമായി ബന്ധപ്പെടുകയും ചെയ്തു വരികയാണ്.

എന്താവശ്യം വന്നാലും സംഘടനയുമായി ബന്ധപ്പെടണം എന്നഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

15.01.2024

# KGBEU OU ബുള്ളറ്റിൻ 8/2024

സഖാക്കളെ,

## വിഷയം: Day closing

മൈഗ്രേഷനുമായി ബന്ധപ്പെട്ട് ക്ലോസിംഗ് നടപടികൾക്ക് അൽപ്പം താമസം നേരിടുന്നുണ്ട്. ചില പ്രശ്നങ്ങൾ വന്നത് solve ചെയ്തു കൊണ്ടിരിക്കുകയാണ്. Sol submission പൂർത്തിയായോ ഇല്ലയോ എന്നത് ബ്രാഞ്ചുകൾക്ക് അറിയാൻ പറ്റുന്നില്ല എന്ന പ്രശ്നം നിലനിൽക്കുന്നതിനാൽ അതിന്റെ ലിസ്റ്റ് പുറത്ത് വിടാൻ സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്.

ആദ്യത്തെ ദിവസം ആയതിനാൽ ചില പ്രശ്നങ്ങൾ solve ചെയ്യാൻ സമയം എടുക്കുന്നത് നാം മനസ്സിലാക്കണം. അൽപ്പം കൂടി കാത്തിരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വൈകുകയാണെങ്കിൽ ചർച്ച ചെയ്ത് തീരുമാനം ഉണ്ടാക്കാം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**15.01.2024**

# <u>KGBEU OU ബുള്ളറ്റിൻ 9/2024</u>

സഖാക്കളെ,

## വിഷയം: Day closing  updation

കുറച്ച് ബ്രാഞ്ചുകൾ CSOLVAL സബ്മിറ്റ് ചെയ്യാൻ ബാക്കി കിടക്കുന്നുണ്ട്. ഇതിൽ കൂടുതലും entry ഡിലീറ്റ് ചെയ്യാൻ pending ഉള്ളവയാണ്. ഓരോ ബ്രാഞ്ചിന്റെതായി എടുത്ത് വേണം ഇത് പൂർത്തീകരിക്കാൻ. procedure follow ചെയ്യുന്നതിൽ വന്ന പിഴവ് കാരണവും കുറച്ച് പ്രശ്നങ്ങൾ വന്നിട്ടുണ്ട്.

മൈഗ്രേഷൻ പൂർത്തീകരണത്തിനായി ഇന്നലെ രാത്രി മുതൽ ഉറക്കമിളച്ചു ജോലി ചെയ്തു കൊണ്ടിരിക്കുകയാണ് മൈഗ്രേഷൻ team. അതിനാൽ എത്രയും പെട്ടെന്ന് ജോലി പൂർത്തീകരിക്കാനാണ് അവരും ശ്രമിച്ചു കൊിരിക്കുന്നത്. ചില ബ്രാഞ്ചുകളിൽ വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാർ കുടുങ്ങിക്കിടക്കുകയാണ്. അവർക്ക് ആവ ശ്യമായ സഹായങ്ങൾ നമ്മുടെ സഖാക്കൾ ചെയ്തു കൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

കുറച്ച് ബ്രാഞ്ചുകൾ മാത്രമാണ് pending ഉള്ളത്. അത് പൂർത്തീകരിച്ച് കൊ ണ്ടിരിക്കുകയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**17.01.2024**

# <u>KGBEU OU ബുള്ളറ്റിൻ 10/2024</u>

സഖാക്കളെ,

## വിഷയം: NEFT issue

NEFT/RTGS related ആയ ഒരു issue വന്നിട്ടുണ്ട്. മൊബൈൽ ബാങ്കിംഗ്/ നെറ്റ് ബാങ്കിംഗ് വഴി അയക്കുന്ന NEFT/RTGS, അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ആകുന്നുണ്ടെങ്കിലും beneficiary അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നില്ല എന്നതാണ് വിഷയം. ഇതുമായി ബന്ധപ്പെട്ട് DBS വിംഗിൽ സംസാരിച്ചു. ഒരു സാങ്കേതിക പിഴവ് കാരണമാണ് നിലവിൽ കിട്ടാത്തത്. പ്രശ്നം rectify ചെയ്തു കൊണ്ടിരിക്കുകയാണ്. ബ്രാഞ്ചുകളിൽ നിന്നും ചെയ്യുന്ന NEFT/RTGS എന്നിവ പ്രശ്നം ഒന്നും ഇല്ലാതെ കിട്ടുന്നുണ്ട്. എത്രയും പെട്ടെന്ന് പരിഹാരം കാണുന്നതിനു വേണ്ടിയുള്ള തിരക്കിലായതിനാലാണ് ആ സെക്ഷനിൽ ഉള്ള CUG ലഭിക്കാത്തത്. ഉടൻതന്നെ പരിഹരിക്കുമെന്നാണ് കിട്ടിയ വിവരം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**17.01.2024**

# KGBEU OU ബുള്ളറ്റിൻ 11/2024

സഖാക്കളെ,

## വിഷയം: Finacle 10 slowness

Finacle 10 മൈഗ്രേഷനുമായി ബന്ധപ്പെട്ട് ബ്രാഞ്ചുകളിൽ കണക്ടിവിറ്റി വളരെ slow ആണ് എന്ന വിഷയം സംഘടനയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് PMO, IT എന്നീ വിംഗ് ഹെഡുമാരുമായി സംസാരിച്ചു.

Bandwidth കുറഞ്ഞത് കാരണമാണ് slowness ഉണ്ടാകുന്നത് എന്ന ആരോപണം ചില ഭാഗങ്ങളിൽ നിന്നും ഉണ്ടായെങ്കിലും അത്തരം ഒരു പ്രശ്നം നിലനിൽക്കുന്നില്ല എന്നാണ് നമ്മുടെ അന്വേഷണത്തിൽ നിന്നും മനസ്സിലായത്. Finacle 10 വർക്ക് ചെയ്യുന്നതിനാവശ്യമായ bandwidth നമ്മുടെ ബ്രാഞ്ചുകളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

മൈഗ്രേഷനുമായി ബന്ധപ്പെട്ട് തുടക്കത്തിൽ ഉണ്ടാകുന്ന ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് slowness ഉണ്ടാവുന്നത്. Log in ചെയ്യുന്നതുമായി ബന്ധപ്പെട്ടും log out ആയിപ്പോകുന്നതുമായ പ്രശ്നങ്ങളും ചിലയിടങ്ങളിൽ കാണുന്നുണ്ട്. ഇതെല്ലാം rectify ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുകയാണ്. അധികം വൈകാതെ ശരിയാകുമെന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)